പാഠം 7

(ആരാധന)

# ഒരു ഒഴുകുന്ന കാഴ്ചബംഗ്ലാവ്

*വേദഭാഗം: ഉല്പ. 7:6-24; 8:1-12;* **Patriarchs and Prophets, p. 105.**

*മനഃപാഠവാക്യം: "യഹോവ വലിയവനും അത്യന്തം സ്തുത്യനും ആകുന്നു" (സങ്കീ. 48:1)*

**സന്ദേശം**

**അവന്റെ വാഗ്ദത്തങ്ങൾ പാലിക്കുന്നതിനാൽ നാം അവനെ സ്തുതിക്കുന്നു.**

***ദിവസങ്ങളോളം മഴ പെയ്താൽ നിങ്ങൾ എന്ത് ചെയ്യും? നോഹയെയും 40 ദിവസത്തെ മഴയെയും കുറിച്ച് ബൈബിൾ പറയുന്നു. നോഹ എന്ത് ചെയ്തു?***

നോഹയും, അവന്റെ ഭാരയും കൂടാതെ അവന്റെ മൂന്ന് പുത്രന്മാരും അവരുടെ ഭാര്യമാരും പെട്ടകത്തിനുള്ളിൽ സുരക്ഷിതമായി വിശ്രമിച്ചു, അതു പോലെതന്നെ മൃഗങ്ങളും. ദൈവം തന്നെ വാതിലടച്ചു മുദ്രയിട്ടു. ഏഴു ദിവസത്തോളം അവർ കാത്തിരുന്നു. പിന്നീട് മഴ ആരംഭിച്ചു, സംഭവിക്കുമെന്ന് ദൈവം പറഞ്ഞതുപോലെ തന്നെ, ആകാശത്തുനിന്ന് മഴപെയ്തു. അത് പെട്ടകത്തിന്റെ മേൽകൂരയിലേക്ക് ഇടിവെട്ടി പെയ്തു. എന്നാൽ നോഹയും കുടുംബവും - ദൈവത്തെ സ്നേഹിച്ച മനുഷ്യർ - സുരക്ഷിതരായിരുന്നു.



മഴ പെയ്തുകൊണ്ടിരുന്നു. ദിവസം മുഴുവൻ എല്ലാ ദിവസവും. എന്നാൽ പെട്ടകത്തിനുള്ളിലുള്ളവർ സുരക്ഷിതരായിരുന്നു. ദൈവം അവന്റെ വാഗ്ദത്തം പാലിച്ചതിന് നോഹയും കുടുംബവും ദൈവത്തിന് നന്ദി പറഞ്ഞു. എല്ലാ ദിവസവും രാവിലെ

അതാണ് അവർ ആദ്യം ചെയ്തത്. കൂടാതെ രാത്രിയിൽ അവർ ചെയ്ത അവസാന കാര്യവും. എല്ലാ ദിവസവും അവർ ദൈവത്തിന് സ്തുതിഗീത ങ്ങൾ പാടി.

കൂടാതെ ഇപ്പോഴും മഴ പെയ്തുകൊണ്ടിരുന്നു. ദിവസം മുഴുവൻ, എല്ലാ ദിവസവും. നോഹ കൂടെക്കൂടെ മൃഗങ്ങളെ പോയി നോക്കി. ചിലത് അവയുടെ കൂടുകളിൽ ശാന്തമായി കൂർക്കം വലിച്ചു. അവർ സാവകാശം ശ്വസിച്ചുകൊണ്ടേയിരുന്നു. മറ്റുള്ളവർ ദൈവം നോഹയോട് അതിനുള്ളിൽ ഇടുവാൻ പറഞ്ഞ ആഹാരം നുണഞ്ഞുകൊണ്ടിരുന്നു.

“ഇനി എത്ര കാലത്തേക്ക് മഴപെയ്യും? നോഹയുടെ പുത്രന്മാരിൽ ഒരാൾ ചോദിച്ചു. “എന്നേക്കും മഴ പെയ്തുകൊണ്ടിരിക്കുകയായിരുന്നെന്ന് തോന്നും.” നോഹ പുഞ്ചിരിച്ചു. “40 നാളുകൾ” അവൻ മറുപടി കൊടു ത്തു. “40 ദിവസത്തേക്ക് മഴ പെയ്യുമെന്ന് ദൈവം പറഞ്ഞു. വിഷമിക്കേണ്ട. 40 ദിവസം എന്നേക്കുമുള്ള ഒരു കാലഘട്ടമല്ല.” എന്നിട്ടും മഴപെയ്തുകൊ ണ്ടേയിരുന്നു. ദിവസം മുഴുവനും, എല്ലാ ദിവസവും.

ഒടുവിൽ ഏറ്റവും പൊക്കം കൂടിയ മലകളുടെ മുകളിലും വെള്ളം നിറഞ്ഞു. ഒരു കരയും കാണാനില്ലായിരുന്നു. പിന്നീട് ദൈവം മഴ നിർത്തി. കൃത്യമായി 40 ദിവസം മഴ പെയ്തു.

വളരെ പതുക്കെ വെള്ളം താഴാൻ തുടങ്ങി. ഒരു ദിവസം പെട്ടകം ഒരു മലയിൽ ഇടിച്ചു നിന്നു. നോഹ അനേക ദിവസങ്ങൾ കാത്തു. പിന്നീട് അവൻ ഒരു മലങ്കാക്കയെ പുറത്ത് വിട്ടു. ആ വലിയ പക്ഷി വെള്ളത്തിനു മീതെ പറന്നു, എന്നാൽ പറന്നിറങ്ങാൻ ഒരു സ്ഥലവും കണ്ടില്ല. അതി നാൽ അത് തിരിച്ച് പെട്ടകത്തിലേക്കു വന്നു.

ഏഴു ദിവസങ്ങൾക്കുശേഷം നോഹ ഒരു പ്രാവിനെ സ്വതന്ത്രമാക്കി. എന്നാൽ അതിനും പറന്നിറങ്ങാൻ ഒരു സ്ഥലം കണ്ടില്ല, അതിനാൽ അത് പെട്ടകത്തിലേക്ക് തിരിച്ചു പറന്നു.

നോഹ ഏഴു ദിവസം കൂടി കാത്തു. പിന്നീട് അവൻ ആ കൊച്ചുപ്രാ വിനെ പറത്തിവിട്ടിട്ട് അത് പോകുന്നത് നോക്കിനിന്നു. നോഹ കാത്തിരു ന്നു. അവൻ നോക്കിപ്പാർത്തുകൊണ്ടിരുന്നു. ഒടുവിൽ ആ പ്രാവ് പെട്ടക ത്തിലേക്ക് തിരികെ വന്നു. ഇപ്രാവശ്യം അതിന്റെ ചുണ്ടിൽ ഒരു ഒലിവ് ഇല ഉണ്ടായിരുന്നു. “ചെടികൾ വീണ്ടും വളരുവാൻ തുടങ്ങിയിരിക്കുന്നു” നോഹ ആശ്ചര്യപ്പെട്ടു.

ഏഴു ദിവസങ്ങൾക്കുശേഷം നോഹ ആ പ്രാവിനെ ഒരിക്കൽ കൂടി സ്വതന്ത്രമാക്കി. ഈ പ്രാവശ്യം ആ കൊച്ചു പ്രാവ് തിരികെ വന്നില്ല. അപ്പോൾ നോഹക്ക് മനസ്സിലായി വെള്ളം വറ്റിയെന്ന്. കൂടാതെ ദൈവം

തന്റെ വാഗ്ദത്തം പാലിച്ചുവെന്ന് നോഹക്ക് മനസ്സിലായി. ജലപ്രളയം തീർന്നു. കൂടാതെ അവർ സുരക്ഷിതരുമായിരുന്നു.

## ചെയ്യുക പറയുക

**ശബ്ബത്ത്**

ശബ്ബത്ത് സ്കൂളിലുണ്ടാക്കിയ താങ്ക്യൂ കാർഡ് അവരെ പരിപാലിക്കുന്ന ആരെങ്കിലുമായി പങ്കുവെക്കാൻ പ്രോത്സാഹിപ്പിക്കുക. അല്ലെങ്കിൽ ഒരെണ്ണം ഉണ്ടാക്കാൻ കുട്ടിയെ സഹായിക്കുക. മനഃപാഠവാക്യം ആവർത്തിക്കുക (പുറം 61 കാണുക)

**ഞായർ**

അത് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു എന്നറിയുന്നതിന് കഥാഭാഗം ഒത്തൊരുമിച്ച് ഉല്പത്തി 7:17–20; 8:1; 6–12 എന്നിവയിൽ നിന്ന് വായിക്കുക.

ഈ ആഴ്ചയിലേക്ക് ഒരു കാലാവസ്ഥ കലണ്ടർ ഉണ്ടാക്കുക. ഇന്നു മുതൽ തുടങ്ങുക. കാലാവസ്ഥ അനുസരിച്ച് ഒരു സൂര്യൻ, ഒരു മഴത്തുള്ളി, അല്ലെങ്കിൽ ഒരു മേഘം എന്നിവ അതാത് ദിവസത്തേക്കുള്ള കോളത്തിൽ കൂട്ടിച്ചേർക്കുക.

**തിങ്കൾ**

പാഠഭാഗം ആവർത്തിക്കുക. ചോദിക്കുക: പെട്ടകത്തിൽ ജീവിക്കുന്നത് എങ്ങനെയായിരുന്നേനെ? മഴ നിന്നപ്പോൾ നോഹക്കും കുടുംബത്തിനും എന്ത് തോന്നിക്കാണും എന്നാണ് നിങ്ങൾ കരുതുന്നത്? പ്രാവ് ഒരു പുതിയ ഇലയുമായി തിരികെ വന്നപ്പോൾ നിങ്ങളായിരുന്നെങ്കിൽ എന്ത് തോന്നിയേനെ? എന്താണ് ദൈവം നോഹയോട് വാഗ്ദത്തം ചെയ്തത്? ദൈവം അവന്റെ വാഗ്ദത്തം പാലിച്ചോ? സാധ്യമെങ്കിൽ ഈയാഴ്ച ഒരു പക്ഷിസങ്കേതത്തിലേക്ക് പോകുക.

**ചൊവ്വ**

മഴ പെയ്ത 40 ദിവസം എണ്ണുന്നതിന് ഉരുളൻ കല്ലുകൾ, ഉണങ്ങിയ ബീൻസ്, അല്ലെങ്കിൽ ഏതെങ്കിലും ചെറിയ വസ്തുക്കൾ ഉപയോഗിക്കുക. വസ്തുക്കൾ നിരത്തിവച്ച് ഇത്ര ദിവസം മഴപെയ്തു എന്ന് കാണിക്കുക. ഓരോ പക്ഷികളെയും പുറത്ത് വിടുന്നതിനു മുമ്പ്നോഹ എത്ര ദിവസം കാത്തിരുന്നു എന്ന് എണ്ണുക. (4 x 7 പ്രാവശ്യം) മഴയെക്കുറിച്ച് ഒരു പാട്ട് പാടുക. മഴയുള്ള ദിവസങ്ങളിൽ നിങ്ങളെ കാത്തുപരിപാലിക്കുന്നതിനായി ദൈവത്തിന് നന്ദി പറയുക.

**ബുധൻ**

വാഗ്ദത്തങ്ങളെ സംബന്ധിച്ച് സംസാരിക്കുക. ഇന്ന് എന്തെങ്കിലും ഒരുമിച്ച് ചെയ്യാമെന്ന് വാഗ്ദത്തം ചെയ്യുക. ചെയ്തുകഴിയുമ്പോൾ ചോദിക്കുക. ഇന്ന് ആരാണ് വാഗ്ദത്തം പാലിച്ചത്? നമ്മെ എല്ലാ ദിവസവും കാക്കാമെന്നുള്ള ദൈവവാഗ്ദത്തം അവൻ പാലിക്കുന്നുവെന്ന് മനസ്സിലാക്കുവാൻ കുട്ടിയെ സഹായിക്കുക. അവന്റെ വാഗ്ദത്തങ്ങൾ പാലിക്കുന്നതിനായി ദൈവത്തിന് നന്ദി പറയുക.

**വ്യാഴം**

കുറച്ച് റൊട്ടിക്കഷണങ്ങളോ വിത്തുകളോ ജനലിന് പുറത്തിട്ടിട്ട് പക്ഷികൾ വന്ന് തിന്നുന്നത് നോക്കുക. നിങ്ങൾ എത്ര പക്ഷികളെ കണ്ടു? അവയുടെ നിറങ്ങൾ എന്തായിരുന്നു? മനഃപാഠവാക്യം ഒരുമിച്ച് പറയുക. പിന്നീട് പക്ഷികൾക്കായി ദൈവത്തിന് നന്ദി പറയുക.

**വെള്ളി**

മഴ മപെയ്തപ്പോൾ പെട്ടകത്തിന് ഉള്ളിലിരിക്കുന്നതായി അഭിനയിക്കുക. 40 ദിവസങ്ങൾ നിങ്ങൾ എന്ത് ചെയ്യും? ചില ആശയങ്ങൾ കണ്ടെത്തി അവ ഒരുമിച്ച് ചെയ്യുക. മഴയെക്കുറിച്ച് ഒരു പാട്ട് പാടുക. അവന്റെ വാഗ്ദത്തങ്ങൾ പാലിക്കുന്നതിനായി ദൈവത്തിന് നന്ദിപറയുക.